"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എസ്.എസ്.ബി & എം.എസ്.ബി ബ്ലോക്കുകളിൽ M/s പ്രൊഫഷണൽ ഹോസ്പിറ്റാലിറ്റി & സപ്പോർട്ട് സർവീസസ് (PHSS) മുഖാന്തിരം നടത്തി വരുന്ന സെക്യൂരിറ്റി സർവീസസിന്റെ കരാർ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2685/2026/H&FWD തീയതി,തിരുവനന്തപുരം, 14-08-2026

---

പരാമർശം:-

1. 16/10/2024 ലെ സ.ഉ(സാധാ) നം. 2466/2024/ആ.കു.വ നമ്പർ ഉത്തരവ്.
2. 09.05.2025 ലെ സ.ഉ(സാധാ) നം. 1288/2025/ആ.കു.വ നമ്പർ ഉത്തരവ്.
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 21.03.2026 തീയതിയിലെ പിഎ3/2061/2025/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എസ്.എസ്.ബി & എം.എസ്.ബി ബ്ലോക്കുകളിലെ സെക്യൂരിറ്റി സർവീസസ്, M/s KEXCON മുഖേന കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിന് ഭരണാനുമതിയും, ഫെസിലിറ്റി മാനേജ്മെന്റ് സർവീസസിന്റെ നിലവിലെ കരാറിൽ ഉൾപ്പെട്ട സെക്യൂരിറ്റി സർവീസസിന്റെ കരാർ കാലാവധി 31/03/2025 വരെയോ KEXCON-മായി കരാറിൽ ഏർപ്പെടുന്നതുവരെയോ ദീർഘിപ്പിച്ച് നൽകുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 15/02/2025 മുതൽ KEXCON-മായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരവെ, നിലവിലെ എസ്.എസ്.ബി & എം.എസ്.ബി ബ്ലോക്കുകളിലെ

ഫെസിലിറ്റി മാനേജ്മെന്റ് കരാർ ഏറ്റെടുത്ത് നടത്തിയിരുന്ന പ്രൊഫഷണൽ ഹോസ്പിറ്റാലിറ്റി & സപ്പോർട്ട് സർവീസസ് (PHSS)-ൽ ഉൾപ്പെട്ട ജീവനക്കാരും അവരുടെ സംഘടനയും ബഹു. കേരള ഹൈക്കോടതി മുൻപാകെ WP(C) 5229 of 2025, WP(C) 5396 of 2025 എന്നീ രണ്ട് ഹർജികൾ സമർപ്പിക്കുകയും ചെയ്തു. തുടർന്ന്, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എസ്.എസ്.ബി & എം.എസ്.ബി ബ്ലോക്കുകളിലെ സെക്യൂരിറ്റി സർവീസസ് ബഹു. ഹൈക്കോടതി വിധിക്ക് വിധേയമായി നിലവിലുള്ള ഫെസിലിറ്റി മാനേജ്മെന്റ് സർവീസസിന്റെ കരാറിൽ ഉൾപ്പെട്ട M/s പ്രൊഫഷണൽ ഹോസ്പിറ്റാലിറ്റി & സപ്പോർട്ട് സർവീസസ് (PHSS) മുഖാന്തിരം നടത്തി സെക്യൂരിറ്റി സർവീസസിന്റെ കരാർ കാലാവധി 01.042025 മുതൽ 31.03.2026 വരെ ഒരു വർഷത്തേയ്ക്കോ പുതിയ കരാറിൽ ഏർപ്പെടുന്നതുവരെയോ ഏതാണോ ആദ്യം ആയതുവരെ പരാമർശം (1)-ലെ നിലവിലുള്ള നിരക്കിലും, ഉപാധികൾക്കും, നിബന്ധനകൾക്കും വിധേയമായും ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുള്ള WP(C) 5229 of 2025, WP(C) 5396 of 2025 എന്നീ റിട്ട് പെറ്റീഷനുകളിലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ്/വിധിന്യായത്തിന് വിധേയമായും ദീർഘിപ്പിച്ചു നൽകുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3. തുടർന്ന്, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എസ്.എസ്.ബി & എം.എസ്.ബി ബ്ലോക്കുകളിൽ പ്രൊഫഷണൽ ഹോസ്പിറ്റാലിറ്റി ആൻഡ് സപ്പോർട്ട് സർവീസ് (PHSS) മുഖാന്തിരം നടത്തിവരുന്ന സെക്യൂരിറ്റി സർവീസസിന്റെ കരാർ കാലാവധി 01/04/2026 മുതൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന് അനുസൃതമായി പുതിയ കരാറിൽ ഏർപ്പെടുന്നത് വരെ നിലവിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ദീർഘിപ്പിച്ച് നൽകണമെന്നും, ഇതിനാവശ്യമായ തുക 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ "2210-05-105-98-00-34-03 OC" പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയതിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് പരാമർശം (3) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എസ്.എസ്.ബി & എം.എസ്.ബി ബ്ലോക്കുകളിൽ പ്രൊഫഷണൽ ഹോസ്പിറ്റാലിറ്റി ആൻഡ് സപ്പോർട്ട് സർവീസ് (PHSS) മുഖാന്തിരം നടത്തിവരുന്ന സെക്യൂരിറ്റി സർവീസസിന്റെ **കരാർ കാലാവധി 01/04/2026 മുതൽ 31/03/2027 വരെ ഒരു വർഷത്തേയ്ക്ക് അല്ലെങ്കിൽ പുതിയ കരാറിൽ ഏർപ്പെടുന്നതുവരെ**

**ഏതാണോ ആദ്യം ആയത് വരെ നിലവിൽ തുടരുന്ന അതേ റേറ്റിലും, ഉപാധികൾക്കും നിബന്ധനകൾക്കും വിധേയമായി** ദീർഘിപ്പിച്ചു നൽകിയും, ഇതിനാവശ്യമായ തുക '2210-05-105-98-00-34OC-03OI (P)(V)'' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചു നൽകിയും ഉത്തരവാകുന്നു.

5. ഈ ഉത്തരവ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുള്ള WP(C) 5229 of 2025, WP(C) 5396 of 2025 എന്നീ റിട്ട് പെറ്റീഷനുകളിലെ ഉത്തരവ്/വിധിന്യായത്തിന് വിധേയമായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപാ സുരേന്ദ്രൻ

അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം.

പ്രിൻസിപ്പാൾ, മെഡിക്കൽകോളേജ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ (ഹെൽത്ത് -എ) വകുപ്പ് (Vide U.O 2743938/HLT-A2/90/2024-Fin dated 30/07/2026)

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി (P2/75/2026-HEALTH).

ഉത്തരവിൻ പ്രകാരം

Digitally signed by
Gayathri G
Date: 14-08-2026
11:59:28

സെക്ഷൻ ഓഫീസർ

പകർപ്പ്- ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്